ബ്രദർ അലോയ്സ് 2019

# ആതിഥ്യമര്യാദ നമുക്ക് മറക്കാതിരിക്കാം!

> ആതിഥ്യമര്യാദ മറക്കരുത്. അതുവഴി, ദൈവദൂതന്മാരെ അറിയാതെ സ്വീകരിച്ചവരുണ്ട് (ഹെബ്രാ 13:2)

അനേക പതിറ്റാണ്ടുകൾക്കുമുൻപ് തെയ്സെയിൽ ആരംഭിച്ച, വിശ്വാസ തീർത്ഥാടനമെന്ന യുവജനങ്ങളുടെ തുടർച്ചയായ ഒത്തുവരവുകൾ ഇന്ന് എല്ലാ ഭൂഖണ്ഡങ്ങളിലും തുടരുന്നുണ്ട്.

ഈ സമ്മേളനങ്ങളിലെല്ലാം മറക്കാനാവാത്ത ഒരനുഭവം ആതിഥ്യമര്യാദയുടേതാണ്, സമ്മേളനങ്ങളിൽ പങ്കെടുക്കുന്ന ചെറുപ്പക്കാർക്കും അവർക്കായി വാതിലുകൾ തുറക്കുന്നവർക്കും ഒരുപോലെ അത് വലിയ അനുഭവമാകുന്നു.

ഓഗസ്റ്റ് 2018 ൽ ഹോങ്കോങ്ങിൽ വച്ച് നമുക്ക് ഒരിക്കൽക്കൂടെ ആതിഥ്യമര്യാദയുടെ വിലയറിയാനായി. ഏഷ്യമുഴുവനിലും അതിനപ്പുറവുമുള്ള വിവിധ രാജ്യങ്ങളിൽനിന്നുള്ള യുവാക്കളുടെ ആ സമ്മേളനത്തിൽ സംഘർഷമുഖരിതവും ഇനിയും സൗഖ്യം കിട്ടേണ്ട ആഴത്തിലുള്ള മുറിവുകൾ പേറുന്നവരുമതുമായ പ്രദേശങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു.

പ്രതിനിധികളിൽ എഴുന്നൂറുപേർ ചൈനയുടെ മുഖ്യപ്രദേശത്തെ വിവിധ പ്രവിശ്യകളിൽനിന്നു വന്നവരായിരുന്നു. ഇത്രയധികം രാജ്യങ്ങളിൽനിന്നുള്ള യുവജനങ്ങളുടെ സാന്നിദ്ധ്യവും ഹോങ്കോങ്ങിലെ കുടുംബങ്ങളിൽ അവർക്ക് ലഭിച്ച സ്വാഗതവും വലിയ പ്രതീക്ഷയുടെ സൂചനയായിരുന്നു.

ഏഷ്യയിലെ യുവ ക്രൈസ്തവർ മിക്കവാറും ദ്രുതമാറ്റങ്ങളിലൂടെ കടന്നുപോകുന്ന സമൂഹങ്ങളിലെ ചെറു ന്യൂനപക്ഷങ്ങളാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിൽനിന്ന് ശക്തി സംഭരിക്കനും സഭയിൽ സഹോദരീസഹോദരന്മാരായി ജീവിക്കാനുമാണ് അവർ പരിശ്രമിക്കുന്നത്.

മാഡ്രിഡിലെ യൂറോപ്യൻ സമ്മേളനം മുതൽ 2019 ാം ആണ്ട് മുഴുവനിലും, തെയ്സേയ്ലും, ബെയ്റൂട്ടിലും, കേപ്പ് ടൗണിലും മറ്റെല്ലയിടത്തും ആതിഥ്യമര്യാദയുടെ വിവിധ വശങ്ങൾ നമ്മൾ ആഴത്തിൽ വിചിന്തന വിഷയമാക്കും.

താഴെ പറയുന്ന പ്രമേയങ്ങൾ വിശ്വാസത്തിൽ അധിഷ്ഠിതമാണ്; ആതിഥ്യമര്യാദയുടെ സ്രോതസ്സ് ദൈവത്തിൽ കണ്ടെത്താൻ അത് ക്രൈസ്തവരെ ക്ഷണിക്കുന്നു. ഇത് നമ്മുടെ മനസ്സിലുള്ള ദൈവ സങ്കല്പത്തെ ചോദ്യംചെയ്യാൻ ഇടയാക്കും. ദൈവം ആരേയും ഒഴിവാക്കുന്നില്ല, മറിച്ച് ഓരോ വ്യക്തിയേയും സ്വാഗതം ചെയ്യുന്നു.

ആതിഥ്യമര്യാദയുടെ അനുഭവം വിവിധ സഭകളിൽ നിന്നുള്ള ക്രൈസ്തവരെ സംബന്ധിച്ചുമാത്രമുള്ളതല്ല മറ്റു മതങ്ങളിൽ വിശ്വസിക്കുന്നവർക്കും അവരോടൊപ്പം അവിശ്വാസികള്ക്കും വേണ്ടിയുള്ളതാണെന്ന് ഞാനും എന്റെ സഹോദരരും മനസിലാക്കുന്നു.

ഇക്കാലഘട്ടത്തിലെ വൈഷമ്യങ്ങളുടെ നടുവിൽ മറ്റുള്ളവരെ സംശയത്തോടെ മാത്രം കാണുന്ന രീതികൾ തഴച്ചുവളരുമ്പോൾ, നമുക്കൊരുമിച്ച് സധൈര്യം ആതിഥ്യമര്യാദയോടെ ജീവിക്കാനും അങ്ങനെ പരസ്പരവിശ്വാസം വളർത്താനുമാകുമോ?

## ഒന്നാം പ്രമേയം: ആതിഥ്യമര്യാദയുടെ ഉറവിടം ദൈവത്തിൽ കണ്ടെത്താം

പ്രപഞ്ചത്തിന്റെ ആരംഭം മുതൽ ദൈവം നിഗൂഢമായി ജോലിയിൽ വ്യാപൃതനാണ്. ഈ ബോധ്യമാണ് ബൈബിളിന്റെ തുടക്കത്തിലുള്ള കാവ്യാത്മക ഇതിവൃത്തങ്ങളുടെ അന്തസത്ത. താൻ ഉണ്മയേകിയവയെ ദൈവം വീക്ഷിക്കുകയും അവയെ അനുഗ്രഹിക്കുകയും ചെയ്യുന്നു; സൃഷ്ടിയാസകലം എത്രമാത്രം നന്നായിരിക്കുന്നു എന്ന് ദൈവം കാണുന്നു. പ്രപഞ്ചത്തെ മുഴുവൻ ദൈവം ആഴത്തിൽ സ്നേഹിക്കുകയും ചെയ്യുന്നു.

പലപ്പോഴും ദൈവത്തെ ഏറെക്കുറച്ചു മാത്രമേ നാം മനസിലാക്കുന്നുള്ളൂ, എങ്കിലും ഒരു മുൻ വ്യവസ്ഥകളൊന്നും വയ്കാതെ ദൈവം നമ്മുടെ സന്തോഷം ആഗ്രഹിക്കുന്നുവെന്നും വിടുന്ന് നമ്മെ സ്വാഗതം ചെയ്യുന്നുവെന്നും ഉള്ള ബോധ്യത്തോടെ നമുക്ക് മുന്നേറാനാവും. ദൈവം ആതിഥ്യമര്യാദയുടെ ഉറവിടമാണ്.

അതിലുമുപരി, മനുഷ്യകുലത്തെ മുഴുവൻ തന്നിലേയ്ക്ക് അടുപ്പിക്കാനും നമ്മെ സ്വാഗതം ചെയ്യാനുമായി ക്രിസ്തുവിലൂടെ ദൈവം നമ്മിൽ ഒരുവൻ പോലും ആയി. നമ്മോടു ദൈവം കാണിക്കുന്ന ഈ ആതിഥ്യമര്യാദ ഏറെ ഹൃദയ സ്പർശിയാണ്; കവിഞ്ഞൊഴുകി എല്ലാ മാനുഷീക പരിധികള്ക്കും അപ്പുറം പോകുന്നതാണ് അത്.

* എന്നെ ഭാരപ്പെടുത്തുന്ന എല്ലാ അനർത്ഥങ്ങള്ക്കും മുൻപിൽ, നമ്മൾ നഷ്ടധൈര്യരാകുകയാണോ? നമ്മുടെ പ്രത്യാശ സജീവമായി നിലനിർത്താൻ, ചുറ്റുപാടുമുള്ള ആദരണീയമായവ തിരിച്ചറിയുന്നതിനുതകുന്ന കണ്ണുകളുള്ള വിസ്മയത്തിന്റെ ചൈതന്യം നമുക്ക് അഭ്യസിക്കാം.

* തനിയേയോ മറ്റുള്ളവരോടൊപ്പമോ നമുക്ക് ബൈബിൾ വായിക്കാം, യേശുവിന്റെ കഥപറയുന്ന സുവിശേഷങ്ങൾ മുതൽ വായിച്ചുതുടങ്ങാം. പെട്ടെന്ന് എല്ലാം നമുക്ക മനസിലായി എന്നിരിക്കില്ല; ചിലപ്പോൾ കൂടുതൽ മനസിലാക്കാനായി അന്വേഷിക്കേണ്ടിവരും. ജീവജലത്തിന്റെ ഉറാവയിലേയ്ക്കെന്നപോലെ ഒന്നിച്ച് ബൈബിളിനെ സമീപിക്കുന്നത് ദൈവത്തിലുള്ള ആശ്രയബോധത്തിൽ വളരാൻ സഹായകമാകും.

> വിടുവിട്ടുപോയ മകൻ എഴുന്നേറ്റ് പിതാവിന്റെ അടുത്തേയ്ക്കു ചെന്നു; ദൂരെ വച്ചുതന്നെ പിതാവെ അവനെ കണ്ടു. അവൻ മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു (ലൂക്ക 15:20).

* ദൈവത്തിന്റെ അതിഥേയ മനോഭാവത്തെപറ്റി ഈ ഉപമയിൽ ലൂക്ക 15:11–32 എന്താണു നമ്മെ പഠിപ്പിക്കുന്നത്?

## രണ്ടാം പ്രമേയം: നമ്മുടെ ജീവിതത്തിലുള്ള ക്രിസ്തുസാന്നിദ്ധ്യം ശ്രദ്ധിക്കുക

ദൈവം നമുക്ക് അതിഥേയത്വം നല്കുന്നു, എന്നാൽ നമ്മുടെ സ്വതന്ത്രമായ പ്രത്യുത്തരത്തിലൂടെയാണ് അവിടുന്നുമായുള്ള യഥാർത്ഥ ഹൃദയൈക്യമായി അത് വളരുക.

യേശു തന്റെ സൗഹൃദം നമുക്കു നൽകികൊണ്ട് ദൈവം സ്നേഹമാണെന്ന് കാണിച്ചുതരുന്നു. എളിമയോടെ ക്രിസ്തു നമ്മുടെ വതിൽക്കൽ വന്നുനിന്ന് മുട്ടിവിളിക്കുന്നു. ഒരു ദരിദ്രനെപ്പോലെ ഏറെ പ്രതീഷയോടെ നമ്മുടെ അതിഥേയത്വം ലഭിക്കാൻ കത്തിരിക്കുന്നു. ആരെങ്കിലും വാതിൽ തുറന്നാൽ അവൻ പ്രവേശിക്കും. ലഘുവായ ഒരു പ്രാർത്ഥനയിൽ നമ്മുടെ ഹൃദയത്തിൽ അവനു നമുക്ക് പ്രവേശനം നൽകാം. അപ്പോൾ, അവനെ സാന്നിദ്ധ്യം നാം തിരിച്ചറിയാത്തപ്പോൾ പോലും ക്രിസ്തു നമ്മിൽ വസിക്കാൻ കടന്നുവരുന്നു.

* ദേവാലയത്തിൽ പ്രാർത്ഥിക്കുമ്പോൾ, ഒരു പക്ഷേ അത് ഒരു നിമിഷനേരത്തേയ്ക്ക് മാത്രമാകാം; പ്രഭാതത്തിലോ സായാഹ്നത്തിലോ സമയം മാറ്റിവയ്ക്കുമ്പോൾ, മറ്റൊരുദ്ദേശവും ഇല്ലാതെ ആ ദിനം ദൈവത്തെ ഭരമേല്പിക്കാൻ മാത്രമാകാം, അപ്പൊഴെല്ലാം അന്തരീകമായി നാം നമ്മെത്തന്നെ കെട്ടിപ്പടുക്കുകയാണ്. ക്രിസ്തു സാന്നിദ്ധ്യം അനുസ്മരിക്കുക എന്നതും നമ്മുടെ ഭയങ്ങളിൽനിന്നും നമ്മെ സ്വതന്ത്രരാക്കുന്നു – അന്യരെക്കുറിച്ചുള്ള ഭയം, വേണ്ടത്ര നല്ലതല്ലാത്തതിന്റെ ഭയം; അനിശ്ചിതമായ ഭാവിയെ അഭിമുഖീകരിക്കുമ്പോഴുള്ള ആകുലത.

* നമുക്ക് സമയമില്ലാത്ത അവസരങ്ങളിലും കുറച്ചു വാക്കുകളിൽ, ഒന്നു മന്ത്രിക്കുന്നതുപോലെ, നമ്മെക്കുറിച്ചും മറ്റുള്ളവരെ പറ്റിയും, അടുത്തുള്ളവരോ വിദൂരതയിലായിരിക്കുന്നവരോ ആരെക്കുറിച്ചും നമുക്ക് ക്രിസ്തുവിനോട് സംസാരിക്കാം. നമുക്ക വിടുത്തോട് നമ്മിൽ ഉള്ളവയേക്കുറിച്ചും നമുക്ക് പലപ്പോഴും മനസിലാകാത്തവയെക്കുറിച്ചും ഒക്കെ പറയാം. ബൈബിളിലെ ചില വാക്കുകളും ദിവസം മുഴുവൻ നമ്മോടൊത്ത് ഉണ്ടാകാം.

> ഉദ്ധിതനായ ക്രിസ്തുവിന്റെ വാക്കുകൾ: ''ഞാൻ വതിൽക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും'' (വെളിപാട് 3:20)

* ക്രിസ്തുവിനെ ശ്രവിക്കാൻ എന്നെ സഹായിക്കുന്നത് എന്താണ്? അവിടുത്തേയ്ക്ക് ''വാതിൽ തുറക്കുക'' എന്നത് എന്നെ സംബന്ധിച്ച് എന്താണ് അർത്ഥമാക്കുന്നത്?

### മൂന്നാം പ്രമേയം: നമ്മിലുള്ള ദാനങ്ങളേയും പരിമിതികളെക്കൂടേയും സ്വാഗതം ചെയ്യുക

ദൈവം നമ്മിലുള്ളതെല്ലാം സ്വാഗതം ചെയ്യുന്നു: നമ്മുടെ ഭാഗത്തുനിന്ന്, നാം ആയിരിക്കുന്നതുപോലെ സ്വയം അംഗീകരിക്കാം. നമുക്കെല്ലാം ഏറെ ആവശയമായിരിക്കുന്ന സൗഖ്യത്തിന്റെ തുടക്കമാകും അത്.

നമ്മുടെ കഴിവുകളെക്കുറിച്ച് നമുക്ക് ദൈവത്തെ സ്തുതിക്കാം. നമ്മുടെ ദൗർബ്ബല്യങ്ങളേയും നമുക്ക് സ്വാഗതം ചെയ്യാം, കാരണം അവയിലൂടെ ദൈവം നമ്മിലേയ്ക്കു കടന്നുവരുന്നു. നമ്മളെ മുന്നോട്ടു നയിക്കാൻ, ജീവിത വ്യതിയാനത്തിനായി നമ്മെ സഹായിക്കാൻ മറ്റെന്തിനേക്കാളുമുപരി നമ്മോടുതന്നെ തുറവിയുള്ളവരാകാൻ ദൈവം ആഗ്രഹിക്കുന്നു.

നമ്മുടെ പരിമിതികൾ അംഗീകരിക്കുന്നത് അനീതി, അക്രമം, അന്യന്റെ ചൂഷണം എന്നിവയ്ക്കുമുൻപിൽ നമ്മെ നിഷ്ക്രിയരാക്കുകയല്ല ചെയ്യുന്നത്. മറിച്ച്, നമ്മുടെ അതിരുകളോട് രമ്യപ്പെടുന്നത് അനുരഞ്ജനം നേടിയ ഹൃദയത്തോടുകൂടെ പോരാട്ടം തുടരാൻ നമുക്ക് ശക്തിയരുളും.

നമ്മുടെ ഉണ്മയുടെ ആഴങ്ങളിൽ ഒളിഞ്ഞിരിക്കുന്ന അഗ്നിയായ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിലും ചുറ്റുപാടും ജീവന് എതിരായുള്ള എല്ലാ കാര്യങ്ങളേയും പടിപടിയായി രൂപാന്തരപ്പെടുത്തും.

* നമ്മുടെ കഴിവുകൾ കണ്ടെത്താനും പരിമിതികളോട് പൊരുത്തപ്പെടാനും വേണ്ടി, അനുകമ്പയോടെ നമ്മെ കേൾക്കാൻ സന്നദ്ധതയുള്ള, നമ്മുടെ ജീവിതവഴിയിലും വിശ്വാസത്തിലും വളരാൻ സഹായിക്കാനാവുന്ന ആരെയെങ്കിലും അന്വേഷിച്ചു കണ്ടെത്താം.

* നമ്മുടെ പ്രാർത്ഥനയിൽ സ്തുതിക്കായി ഇടം ഒരുക്കേണ്ടത് അത്യാവശ്യമാണ്. അത് നമ്മുടെ അസ്തിത്വത്തെ മുഴുവൻ ഒരുമിപ്പിക്കുന്നു. ഒരുമയിൽ ഗാനാലപത്തോടേയുള്ള പ്രാർത്ഥനയ്ക്ക് പകരംവയ്ക്കാൻ മറ്റൊന്നുമില്ല; പിന്നീട് നമ്മുടെ ഹൃദയത്തിൽ അത് അലയടിച്ചുകൊണ്ടിരിക്കും.

''അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്നെ ആടുക്കൾ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ, എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്.'' (മത്തായി 11:28–30)

* യേശു സൂചിപ്പിക്കുന്നത് ഏത് ഭാരത്തേയും എന്ത് ആശ്വാസത്തേയും കുറിച്ചാണ്? അങ്ങിൽ നിന്ന് എനിക്ക് എന്തു പഠിക്കാനാവും?

## നാലാം പ്രമേയം: സഭയിൽ സൗഹൃദത്തിനൊരിടം കണ്ടെത്തുക

ദൈവത്തിലുള്ള നമ്മുടെ ആശ്രയബോധം അന്യരുമായി പങ്കിടുന്നതിന് നമുക്ക് ഇടങ്ങൾ വേണം. അത് നാം നന്നയി അറിയുന്ന കുറച്ചു സുഹൃത്തുക്കളെ കാണുന്ന വേദികൾ മാത്രമല്ല, പിന്നേയോ നമ്മിൽനിന്ന് വ്യത്യസ്ഥരായവരെ ഉൾകൊള്ളാൻ പോരുന്ന വിശാലമായ സുഹൃദങ്ങളുമാകണം.

ഇടവകകളും പ്രാദേശിക കൂട്ടായ്മകളും പല തലമുറകളേയും വ്യത്യസ്ഥ സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ളവരേയും ഒന്നിച്ചുകൊണ്ടുവരുന്നു. അവിടെ സൗഹൃദത്തിന്റെ ഒരു നിധിയുണ്ട്, അത് മിക്കവാറും ഇനിയും ശ്രദ്ധിക്കപ്പെടാത്തതും എന്നാൽ കാര്യമായി ഉപയോഗിക്കപ്പെടേണ്ടതുമായ ഒന്നാണ്.

ഓരോ പ്രാദേശിക സഭാകൂട്ടായ്മയും, വിധിക്കപ്പെടും എന്ന ഭയമില്ലാതെ നമ്മുടെ ചോദ്യങ്ങളും സംശയങ്ങളും ഒക്കെ പേറിക്കൊണ്ട് സ്വന്തം തനിമയോടെ നമുക്കു വ്യാപരിക്കാനാവുന്ന ഊഷ്മളസ്വാഗതമരുളുന്ന കുടുംബം പോലെ ആയിരുന്നെങ്കിലോ. . .

എവിടെയെല്ലാം പരിശുദ്ധാത്മാവിന്റെ കറ്റുവീശുന്നുവോ എവിടെയെല്ലാം ക്രിസ്തുവിന്റെ സൗഹൃദം ചുറ്റുപാടും കതിർ ചിന്തുന്നുവോ അവിടെയാണ് സഭയെ കണ്ടെത്താനാവുക. ദക്ഷിണമേഖലയിലെ ചില രാജ്യങ്ങളിൽ, തങ്ങളുടെ അയൽ പക്കങ്ങളിലും ഗ്രാമങ്ങളിലും മറ്റുള്ളവർക്കുവേണ്ടി ദൂരവ്യാപകമായ സ്വയംസമർപ്പണത്തിനു തയ്യാറാകുന്ന ചില അടിസ്ഥാന ക്രിസ്തീയ ചെറുസമൂഹങ്ങളുണ്ട്. അവ മറ്റു രാജ്യങ്ങളിലും പ്രചോദന സ്രോദസ്സാകുമോ?

* പ്രാർത്ഥനയ്ക്കും പങ്കുവയ്ക്കലിനുമായി ചെറുസമൂഹങ്ങളിൽ ക്രമമായി ഒത്തുചേരുന്നത് നല്ലതാണ്, എന്നാൽ നമ്മുടെ പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള വിശാല ക്രിസ്തീയ സമൂഹ ജീവിതഗതിയേയും നമുക്കു പിൻതാങ്ങാം. ഉദാഹരണത്തിന്, ഞായറാഴ്ച തിരുകർമ്മങ്ങൾക്ക് എത്തുമിങ്കിലും അവിടെ ആരേയും പരിചയമില്ലാത്തവരുടെ കാര്യം ശ്രദ്ധിക്കാൻ നമ്മുടെ ചെറുസമൂഹത്തിനാകുമോ?

* തങ്ങളുടെ സഭാപരമായ അംഗത്വത്തിനുമപ്പുറം തന്നെ സ്നേഹിക്കുകയും പിൻചെല്ലുകയും ചെയ്യുന്ന എല്ലാവരേയും ഒരു സ്നേഹസമൂഹത്തിൽ ഒന്നിച്ചുചേർക്കാൻ ക്രിസ്തു ആഗ്രഹിക്കുന്നു. നമ്മൾ ഇപ്പോൾ ചെയ്യുന്നതിനേക്കാൾ കൂടുതലായി ചുറ്റുപാടും നമ്മിൽ നിന്നു വ്യത്യസ്ഥമായ രീതിയിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരെ നമ്മോടൊത്തു പ്രാർത്ഥിക്കാൻ ക്ഷണിക്കാനാവുമോ?

കുരിശിൽ, മരിക്കുന്നതിനു തൊട്ടുമുൻപ്, യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തുനില്ക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു ''സ്ത്രീയേ, ഇതാ നിന്റെ മകൻ,'' അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു, ''ഇതാ, നിന്റെ അമ്മ''. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. (യോഹന്നാൻ 19:25–27)

* യേശുവിന്റെ ആഗ്രഹപ്രകാരം കുരിശിൻ ചുവട്ടിൽ ഒരു പുത്തൻ കുടുംബം ജന്മമെടുത്തു. ഇന്ന് സഹോദരീ സഹോദരന്മാരായി നമുക്ക് എങ്ങനെയാണ് ജീവിക്കാനാവുക?

## അഞ്ചാം പ്രമേയം: ഔദാര്യസമ്പന്നമായ ആതിഥ്യമര്യാദ ശീലിക്കുക

ദൈവത്തിന്റെ ആതിഥ്യമര്യാദ നമ്മോടുള്ള ഒരഭ്യർത്ഥനയാണ്. നമുക്ക മറ്റുള്ളവരെ, അവർ എന്തായിത്തീരണമെന്നു നാം ആഗ്രഹിക്കുന്ന രീതിയിലല്ല മറിച്ച് അവർ ആയിരിക്കുന്ന വിധത്തിൽ സ്വീകരിക്കാനാവുമോ? നമ്മുടെ രീതിയിലല്ലാതെ അവരുടെ സ്വന്തം ശൈലിയിൽ നമുക്ക് സ്വാഗതംചെയ്യപ്പെടാനാവുമോ?

* നമുക്ക് സ്വാഗതത്തിന്റെ മനുഷ്യരാകാം, അരെയെങ്കിലും ശ്രവിക്കാൻ സമയം കണ്ടെത്താം, അവരെ ഭക്ഷണത്തിനു ക്ഷണിക്കാം, ഒരു അഗതിയുടെ സമീപത്തു ചെല്ലാം, നാം കണ്ടുമുട്ടുന്നവരോട് അനുകമ്പയോടെ സംസാരിക്കാം . . .

* കുടിയേറ്റം ഉയർത്തുന്ന വലിയ വെല്ലുവിളികള്ക്കു മുൻപിൽ ആതിഥ്യമര്യാദ എപ്രകാരം ഒരു പുത്തൻ അവസരമാക്കാം എന്ന് അലോചിച്ചു നോക്കാം, സ്വാഗതം ചെയ്യപ്പെടുന്നവർക്കു മാത്രമല്ല, സ്വാഗതമരുളുന്നവർക്കു കൂടി. വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലുകൾ അനിവാര്യമാണ്. ഉദാഹരണമായി, ഒരു പ്രാവാസിയുടേയോ അഭയാർത്ഥിയുടേയോ ജീവിതകഥ നമുക്കൊന്നു കേൾക്കാം. മറ്റിടങ്ങളിൽ നിന്നു വരുന്നവരെ കണ്ടുമുട്ടുന്നത് നമ്മുടെ തന്നെ വേരുകൾ നന്നായി മനസിലാക്കുന്നതിനും നമ്മുടെ തന്നെ സ്വത്വബോധം ആഴപ്പെടുത്തുന്നതിനും സഹായിക്കും.

* ഭൂമിയെ നാം സംരക്ഷിക്കേണ്ടിയിരിക്കുന്നു. മനൊഹരമായ ഈ ഗ്രഹം നമ്മുടെ ഭവനമാണ്. നമുക്കതിനെ ഹൃദ്യതനിറഞ്ഞതായി സൂക്ഷിക്കാം, വരും തലമുറകള്ക്കുവേണ്ടിക്കൂടേയും. ആലോചനയില്ലാതെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാനായി ആകുന്നതെല്ലാം ചെയ്തുകൊണ്ടും, വിവിധതരം മലിനീകരണങ്ങൾ ജൈവവൈവിദ്ധ്യം ക്ഷയിക്കൽ എന്നിവയ്ക്കെതിരെ പൊരുതിക്കൊണ്ടും, നമ്മുടെ ജീവിതശൈലികൾ പുനരവലോകനം ചെയ്യേണ്ടത് അത്യാവശ്യമാണ്. പ്രപഞ്ചമാസകലവുമായി നമുക്ക് ദൃഢഐക്യം ഉണ്ടാകുമ്പോൾ അതിൽനിന്നു നിർഗ്ഗളിക്കുന്ന ആനന്ദം നമ്മൾ കണ്ടെത്തും.

> യേശു പറഞ്ഞു, ‘‘സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്’’. (മത്തായി 25:40)
>
> ‘‘സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണു ശ്രയസ്കരം’’ എന്നു പറഞ്ഞ കർത്താവായ യേശുവിന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് നമ്മൾ ബലഹീനരെ സഹായിക്കണം (അപ്പ. പ്രവർ. 20:35)

* നല്കുന്നത് സന്തോഷമേകും എന്നത് എനിക്ക് എപ്പോഴെങ്കിലും അനുഭവേദ്യമായിട്ടുണ്ടോ? മറ്റുള്ളവരിൽ നിന്ന് ഞാനും എന്തെങ്കിലും സ്വീകരിക്കേണ്ടതുണ്ട് എന്ന അവബോധം എനിക്കുണ്ടോ?